ഉത്തരം.

(എ) 42.

(ബി) പട്ടിക 'എ' നോക്കുക *

(സി) പട്ടിക 'ബി' നോക്കുക.

(ഡി) ഇല്ല

ഇലക്ഷൻ

56. [3] ശ്രീ. പി. സി. ആദിച്ചൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1965-ൽ കേരളത്തിൽ പൊതു ഇലക്ഷൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അടുത്ത ഇലക്ഷനു് എണ്ണ ചെലവു് വരുമെന്നു് പ്രതീക്ഷിക്കുന്നു ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉദ്ദേശം പതിനൊന്നു് ലക്ഷം രൂപ.

സെൻസസു് റിപ്പോർട്ടു്.

57. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1961-ലെ സെൻസസു് റിപ്പോർട്ടു് തയ്യാറായതായി വിവരം ലഭിച്ചുവോ ;

(ബി) പ്രസ്തുത റിപ്പോർട്ടു് നിയമസഭാ സാമാജികന്മാർക്കു് മുൻകാലങ്ങളിൽ കൊടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ 1961-ലെ റിപ്പോർട്ടു് നിയമസഭാസാമാജികന്മാർക്കു് കൊടുക്കുവാൻ നടപടിയെടുത്തിട്ടുണ്ടോ ?

ഉത്തരം.

(എ) 1961-ലെ സെൻസസു് റിപ്പോർട്ടിന്റെ ചിലഭാഗങ്ങളം ഇപ്പോൾ അച്ചടിയിലുള്ളതായും മറ്റു ചിലവ തയ്യാറാക്കുന്നതായും വിവരം ലഭിച്ചിട്ടുണ്ടു്.

(ബി) 1951-ലെ സെൻസസു് റിപ്പോർട്ടിന്റെ ഒരു ഭാഗമായ ഡിസ്ട്രിക്റ്റു് സെൻസസു് ഹാൻറു് ബുക്കിന്റെ പ്രതികളം നിയമസഭാസാമാജികന്മാർക്കു് നൽകിയിരുന്നു.

(സി) ഈ കാര്യം ഇപ്പോൾ ആലോചനയിലുണ്ടു്.

പഞ്ചസാര ഫാക്റ്ററി.

58. [5] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയിൽ തിരുവനന്തപുരത്തു് ഒരു പഞ്ചസാര ഫാക്റ്ററി സ്ഥാപിക്കുന്ന കാര്യം എത്രമാത്രം പുരോഗമിച്ചു ;

(ബി) അതിന്റെ വിശദാംശങ്ങൾ എന്താണു് ?

* Appendix III

LIBRARY ARCHIVES Kerala Legislative Assembly